


.facebook.com/palakkadpolice
www.twitter.com/DpcPalakkad

## *50 ലക്ഷം വില വരുന്ന നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി*

പട്ടിക്കര ഭാഗത്തുള്ള ഗോഡോണിൽ നിന്നും 1,16,000 ഹാൻസ്, കൂൾ ലിപ് ,ഗ്രുഡ്ക എന്നീ പേരിൽ അറിയപ്പെടുന്ന ലഹരി വസ്തുക്കൾ ആണ് പിടികൂടിയത്. സിറാജ് s/o അബ്ദുൾ വഹാബ് വ:30, സാറാ മൻസിൽ ,പിരായിരി എന്നയാളുടെ പേരിലുള്ള റൂമിൽ നിന്നാണ് ലഹരി വസ്തുക്കൾ സൂക്ഷിക്കുന്ന വൻ ശേഖരം ആണ് നർകോട്ടിക് സ്ക്വാഡും നോർത്ത് പോലീസും ചേർന്ന് പിടികൂടിയത്.പ്രതിയെ പിടികൂടുന്നതിന് അന്വേഷണം ആരംഭിച്ചു. ചില്ലറ വിപണിയിൽ 40 ലക്ഷം രൂപയുടെ മൂല്യം വരും പിടിച്ചെടുത്ത ലഹരി വസ്തുക്കൾക്ക് .പാലക്കാട് ഭാഗങ്ങളിലെ പല ഷോപ്പുകളിലും കച്ചവടത്തിന് എത്തിക്കുന്നത് ഇയാൾ ആണ്.



# 50 ലക്ഷം രൂപയുടെ നിരോധിത പുകയില ഉത്പന്നം പിടികൂടി

പാലക്കാട്: നഗരത്തിൽ പട്ടിക്കര ഭാഗത്തുള്ള ഗോഡൗണിൽനിന്ന് 1,16,000 പാക്കറ്റ് നിരോധിത പുകയില ഉത്പന്നം പിടികൂടി. ഹാൻസ്, കൂൾ ലിപ്, ഗുഡ്ക എന്നീ പേരുകളിൽ അറിയപ്പെടുന്ന ലഹരി വസ്തുക്കളാണ് പിടികൂടിയത്. നർക്കോട്ടിക് സ്ക്വാഡും നോർത്ത് പോലീസും ചേർന്ന് നടത്തിയ പരിശോധനയിൽ പിരായിരി സ്വദേശി സിറാജിന്റെ ഉടമസ്ഥതയിലുള്ള ഗോഡൗണിൽനിന്നാണ് ലഹരി വസ്തുക്കളുടെ ശേഖരം കണ്ടെത്തിയത്. പ്രതിക്കായി അന്വേഷണം ആരംഭിച്ചു.

ടൗൺ സൗത്ത് പോലീസും നർക്കോട്ടിക് സ്ക്വാഡും ചേർന്ന് കഴിഞ്ഞദിവസം 7,500 പാക്കറ്റ് ഹാൻസ് കാറിൽ കടത്തുന്നതിനിടയിൽ പിടികൂടിയിരുന്നു. പൊള്ളാച്ചിയിൽനിന്നു ഗുഡ്സ് ഓട്ടോറിക്ഷയിൽ മൊത്തമായി ലഹരി വസ്തുക്കൾ എത്തിച്ച് വലിയങ്ങാടിക്ക് സമീപമുള്ള പട്ടിക്കരയിലുള്ള ഗോഡൗണിൽ സൂക്ഷിക്കും. പിന്നീട് ചില്ലറയായി കാറിലും ബൈക്കിലുമായി ആവശ്യക്കാർക്ക് എത്തിച്ച് നൽകുകയാണ് ചെയ്യുന്നത്.

സിറാജിന് മലമ്പുഴ ഫാന്റസി പാർക്ക് ഭാഗത്ത് സ്റ്റേഷനറി കട ഉണ്ട്. മലമ്പുഴ സ്റ്റേഷനിൽ ഹാൻസ് വിൽപ്പന നടത്തിയതിന് അയാളുടെ കേസ് നിലവിലുണ്ട്. പാക്കറ്റ് ഒന്നിന് 10 രൂപ നിരക്കിൽ വാങ്ങി 20 രൂപയ്ക്ക് ചെറുകിട കച്ചവടക്കാർക്ക് നൽകും. ചില്ലറ വിപണിയിൽ 30 മുതൽ 50 രൂപ വരെയാണ് വില. പിടിച്ചെടുത്ത ലഹരി വസ്തുക്കൾക്ക് 50 ലക്ഷം രൂപ വില വരും.

പാലക്കാട് ജില്ലയിലെ പല കടകളിലും പുകയില ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക് എത്തിക്കുന്നത് ഇയാളാണ്.

സ്കൂൾ പരിസരങ്ങളിലെ കടകളിൽ നിരോധിത പുകയില ഉത്പന്നങ്ങൾ വൻതോതിൽ വിൽപ്പനക്കായി എത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മൊത്തവിതരണക്കാരെ പിടിക്കാൻ ജില്ലാ പോലീസ് മേധാവി ജി. ശിവവിക്രമിന്റെ നിർദേശപ്രകാരമാണ് നർക്കോട്ടിക് സെൽ ഡിവൈഎസ്പി ബാബു കെ. തോമസിന്റെ നേതൃത്വത്തിൽ ലഹരിവേട്ട സജീവമാക്കിയത്.

ടൗൺ നോർത്ത് ഇൻസ്പെക്ടർ ഷിജു എബ്രഹാം, ഗ്രേഡ് എസ്.ഐ. സതീഷ് എന്നിവർ അടങ്ങുന്ന പോലീസ് സംഘവും നർക്കോട്ടിക് സ്ക്വാഡ് അംഗങ്ങളായ ആർ. കിഷോർ, എസ്. ഷനോസ്, ആർ. രാജീദ് എന്നിവരുമാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്. വരുംദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

• പട്ടിക്കരയിൽ ഗോഡൗണിൽനിന്ന് പിടിച്ചെടുത്ത നിരോധിത പുകയില ഉത്പന്നം

പാലക്കാട് ജില്ലാ പോലീസ് മേധാവി ജി ശിവവിക്രം IPs അവർകളുടെ നിർദ്ധേശപ്രകാരം നർകോട്ടിക് സെൽ DySP ബാബു കെ തോമസിൻെറ നേതൃത്വത്തിൽ ജില്ലയിൽ. പ്രവർത്തിക്കുന്ന ഡാൻസാഫ് (ജില്ലാ ആൻറി നർകോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് ) ആണ് ജില്ലയിൽ ലഹരി വസ്തുക്കൾ പിടികൂടുന്നത്. ടൗൺ നോർത്ത് ഇൻസ്പെക്ടർ ഷിജു എബ്രഹാം, ഗ്രേഡ് എസ് ഐ സതീഷ് എന്നിവർ അടങ്ങുന്ന പോലീസ് സംഘവും നർകോട്ടിക് സ്ക്വാഡ് അംഗങ്ങളായ ആർ കിഷോർ, എസ് ഷനോസ് ,ആർ രാജീദ്എന്നിവരാണ് പരിശോധനയിൽ പങ്കെടുത്തത് പിടികൂടിയത്.ഇനി വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് ജില്ലാ പോലീസ് മേധാവി ജി.ശിവവിക്രം ഐപിഎസ് അറിയിച്ചു

.....................................................................................................................................

